**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - കോഴിക്കോട് നഗരസഭയിലെ പന്നിയങ്കര, കാരപ്പറമ്പ് ഹെൽത്ത് സർക്കിൾ ഓഫീസുകളിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന- ഹെൽത്ത് വിഭാഗം ജീവനക്കാരായ ശ്രീ.ബി. ഗുണശീലൻ, ശ്രീ. അഹമ്മദ് ബഷീർ, ശ്രീ. ശശി. എൻ. ആർ, ശ്രീ. ശശി. എൻ., ശ്രീ. ബെൻസിലാൽ ബി. എസ്. എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 1653/ 2018/ തസ്വഭവ. തീയതി, തിരുവനന്തപുരം, 18. 06. 2018

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 01. 12. 2014 തീയതിയിലെ ഇ 18(എസ്.സി 10/ 14/ SCK) 22389/ 2014 നം. കത്ത്
2.സർക്കാരിന്റെ 21.01.2016 തീയതിയിലെ 13621/ ഇയു2/ 15/ തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ
3. നഗരകാര്യ ഡയറക്ടറുടെ 30.08.2017 തീയതിയിലെ വി2- 1949/ 16 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ പന്നിയങ്കര, കാരപ്പറമ്പ് ഹെൽത്ത് സർക്കിൾ ഓഫീസുകളിൽ 2014-15 കാലയളവിലെ മഴക്കാല പൂർവ്വ ശുചീകരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധനയിൽ ഹെൽത്ത് വിഭാഗം ജീവനക്കാർ എഴുതി സൂക്ഷിക്കേണ്ട നോമിനേഷൻ മസ്റ്റർറോൾ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയെന്നു കണ്ടെത്തിയതിനെത്തുടർന്ന് പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശചെയ്തതിന്റെ അടിസ്ഥാനത്തിൽ ഹെൽത്ത് വിഭാഗം ജീവനക്കാരായ (ഹെൽത്ത് ഇൻസ്പെക്ടർ/ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ) ശ്രീ.ബി. ഗുണശീലൻ, ശ്രീ. അഹമ്മദ് ബഷീർ, ശ്രീ. ശശി. എൻ. ആർ, ശ്രീ. ശശി. എൻ., ശ്രീ. ബെൻസിലാൽ ബി. എസ്. എന്നിവർക്ക് പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ആയതിന് ടിയാളുകൾ സമർപ്പിച്ച പ്രതിവാദ പത്രികയിൽ കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടർ മുഖേന നടത്തിയ പരിശോധന പ്രകാരം നഗരകാര്യ ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

2. നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ഹെൽത്ത് ജീവനക്കാരായ ശ്രീ. ശശി എൻ., ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I , ശ്രീ. ഗുണശീലൻ. ബി. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I , ശ്രീ. കെ. അഹമ്മദ് ബഷീർ , ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I I, ശ്രീ. എൻ. ആർ. ശശി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, ശ്രീ. ബെൻസിലാൽ ബി.എസ്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I എന്നിവരുടെ മറുപടിയിൽ, തങ്ങളുടെ ഭാഗത്ത്

നിന്ന് ഹെൽത്ത് വിഭാഗം ജീവനക്കാർ എഴുതി സൂക്ഷിക്കേണ്ട മസ്റ്റർറോൾ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നതിൽ വീഴ്ച വന്നതായും, മേലിൽ വീഴ്ച ആവർത്തിക്കില്ലെന്നും അറിയിക്കുന്നതായും. റീജിയണൽ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പദ്ധതികൾ ടിയാളുകൾ കൃത്യമായി നടപ്പിലാക്കിയിട്ടുണ്ടെന്ന് സൈറ്റ് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതായും അറിയിക്കുന്നു. ആയതിനാൽ വിജിലൻസ് കണ്ടെത്തൽ പരിഗണിച്ച് മേൽ ജീവനക്കാരുടെ വീഴ്ചകൾ ഇനിയും ആവർത്തിക്കരുതെന്ന് താക്കീത് നൽകി അച്ചടക്ക നടപടി തീർപ്പാക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്യുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുറ്റാരോപണ മെമ്മോയിന്മേലുള്ള കോഴിക്കോട് കോർപ്പറേഷനിലെ ഹെൽത്ത് വിഭാഗം ജീവനക്കാരായ ശ്രീ. ബി . ഗുണശീലൻ, ശ്രീ. അഹമ്മദ് ബഷീർ, ശ്രീ. ശശി എൻ.ആർ, ശ്രീ. ശശി. എൻ, ശ്രീ. ബെൻസിലാൽ ബി.എസ്. എന്നിവരുടെ മറുപടി, നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പ്രകാരം പരിശോധിച്ചതിൽ നിന്നും ഗുരുതരമായ ക്രമക്കേടുകളൊന്നും വിജിലൻസ് റിപ്പോർട്ടിൽ കണ്ടെത്തിയില്ലായെന്നും എന്നാൽ മസ്റ്റർ റോൾ എഴുതി സൂക്ഷിക്കുന്നതിൽ ജീവനക്കാരുടെ ഭാഗത്ത് മന:പൂർവ്വമല്ലാത്ത വീഴ്ചയുണ്ടായിട്ടുള്ളതായും കാണുന്നു.

4. മേൽ സാഹചര്യത്തിൽ കോഴിക്കോട് കോർപ്പറേഷനിലെ ഹെൽത്ത് വിഭാഗം ജീവനക്കാരായ ശ്രീ. ശശി എൻ., ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I , ശ്രീ. ഗുണശീലൻ. ബി, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I , ശ്രീ. കെ. അഹമ്മദ് ബഷീർ , ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, ശ്രീ. എൻ. ആർ. ശശി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I. ശ്രീ. ബെൻസിലാൽ ബി.എസ്., ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I എന്നിവർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി, ഇവരുടെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ച ഭാവിയിൽ ഉണ്ടാകരുതെന്ന കർശന നിർദ്ദേശത്തോടെ ലഘുശിക്ഷയായ താക്കീത് (Censure) നൽകി അവസാനിപ്പിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീ. ശശി എൻ., ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, കോഴിക്കോട് കോർപ്പറേഷൻ
ശ്രീ. ഗുണശീലൻ. ബി, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I , കോഴിക്കോട് കോർപ്പറേഷൻ
ശ്രീ. കെ. അഹമ്മദ് ബഷീർ , ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, കോഴിക്കോട് കോർപ്പറേഷൻ
ശ്രീ. എൻ. ആർ. ശശി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, കോഴിക്കോട് കോർപ്പറേഷൻ
ശ്രീ. ബെൻസിലാൽ ബി.എസ്., ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, കോഴിക്കോട് കോർപ്പറേഷൻ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ